പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4134 — 16.05.2017 ൽ മറുപടിക്ക്

## ടൂ വീലർ വാഹനാപകടങ്ങൾ

**ചോദ്യം**

ശ്രീ. റ്റി.വി.രാജേഷ് :

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷമായി എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്ക് പറ്റി; ഇതിൽ ടൂ വീലർ മുഖേന ഉണ്ടായിട്ടുള്ള അപകടങ്ങൾ എത്ര; വിശദാംശം നൽകുമോ;

(ബി) ടൂ വീലർ മുഖേനയുണ്ടാകുന്ന വാഹനാപകടങ്ങൾ കൂടി വരുന്നതിനാൽ ഇക്കാര്യത്തിൽ ബോധവത്കരണമുൾപ്പെടെയുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

**മറുപടി**

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

(എ)

| വർഷം | വാഹനാപകടങ്ങൾ | മരണപ്പെട്ടവർ | പരിക്കേറ്റവർ | ടൂ വീലർ കാരണം അപകടം |
|---|---|---|---|---|
| 2016 | 39420 | 4287 | 15591 | 23538 |
| 2015 | 39014 | 4196 | 14858 | 20434 |
| 2014 | 36282 | 4049 | 13713 | 21096 |

(ബി) 2017-ലെ ആദ്യ മൂന്നു മാസങ്ങളിൽ തന്നെ പോയവർഷം ഈ കാലയളവിനെ അപേക്ഷിച്ച് ടൂ വീലർ മുഖേനയുള്ള അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്.

2016 മാർച്ച് വരെ -6216

2017 മാർച്ച് വരെ – 5607

ടൂ വീലർ മുഖേനയുണ്ടാകുന്ന അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനായി ഹെൽമറ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനമോടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ് പെൻഷൻ പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വികരിച്ചു വരുന്നു. ദൃശ്യ – ശ്രാവ്യ മാധ്യമങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ സംബന്ധമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ശ്രമിച്ചു വരുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ വർഷവു മാചരിക്കുന്ന റോഡ് സുരക്ഷാ വാരാചരണം നടത്തി വരുന്നു. റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി ഇരുചക്ര വാഹന

യാത്രികർക്ക് സുരക്ഷാവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ഊന്നൽ നൽകി വരുന്നു. ഇതിനു പുറമെ കിറ്റി ഷോ, മാജിക് ഷോ, ഓട്ടൻ തുള്ളൽ എന്നീ കലാരൂപങ്ങൾ ഉപയോഗപ്പെടുത്തി ഇരുചക്രയാത്രികരിൽ സുരക്ഷാവബോധം സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്.

SRa.

സെക്ഷൻ ഓഫീസർ